**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2035** **16-03-2022 - ൽ മറുപടിയ്ക്ക്**

**പോലീസ് വകുപ്പിലെ ഫണ്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | null<br>(മുഖ്യമന്ത്രി) | |
| (എ) | പോലീസ് ഉദ്യോഗസ്ഥരുടെ നോൺ സ്റ്റാറ്റ്യൂട്ടറി റിക്കവറികൾ എച്ച്.ഡി.എഫ്.സി. ബാങ്കിന് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഓപ്പൺ ടെൻഡറിലൂടെയാണോ എച്ച്.ഡി.എഫ്.സി. ബാങ്കിന് കരാർ നൽകിയത്; വിശദമാക്കാമോ; | (എ) | പോലീസ് ഉദ്യോഗസ്ഥരുടെ നോൺ സ്റ്റാറ്റ്യൂട്ടറി റിക്കവറികൾ എച്ച്. ഡി.എഫ്.സി. ബാങ്കിന് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഓപ്പൺ ടെണ്ടറിലൂടെ അല്ല എച്ച്.ഡി.എഫ്.സി. ബാങ്കിന് കരാർ നൽകിയത്. |
| (ബി) | ഇക്കാര്യത്തിനായി പൊതുമേഖല, സ്വകാര്യ ബാങ്കുകളുടെ താല്പര്യപത്രം ക്ഷണിച്ചു കൊണ്ട് ഗവൺമെന്റ് തലത്തിലോ പോലീസ് ഡിപ്പാർട്ട്മെന്റ് തലത്തിലോ ഔദ്യോഗിക കത്തിടപാടുകൾ നടത്തിയിരുന്നോ; വിശദമാക്കാമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | (ബി) | ഈ വിഷയത്തിൽ പൊതുമേഖലാ ബാങ്കുകളുടെ താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ടായിരുന്നു. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | കേരളത്തിലെ പോലീസ് ജീവനക്കാരുടെ ബാങ്ക് അക്കാണ്ട് വിവരങ്ങൾ എച്ച്.ഡി.എഫ്.സി. ബാങ്കിന് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ സുരക്ഷിതത്വത്തെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ഉറപ്പുകൾ ബാങ്ക് നൽകിയിട്ടുണ്ടോ; ഏതെങ്കിലും തരത്തിൽ അക്കൗണ്ടിൽ നിന്ന് തുക നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായാൽ ബാങ്ക് നഷ്ടപരിഹാരം നൽകുമോ; വിശദമാക്കാമോ; | (സി) | e-mandate നൽകുന്നതുമായി ബന്ധപ്പെട്ട നടപടികൾക്കായി പോലീസ് വകുപ്പ് ജീവനക്കാരുടെ അക്കൗണ്ട് വിവരങ്ങൾ എച്ച്.ഡി.എഫ്.സി. ബാങ്കിന് നൽകിയിട്ടുണ്ട്. ബാങ്കുമായി വകുപ്പ് ഏർപ്പെട്ട കരാറിൽ data-യുടെ സുരക്ഷിതത്വം ബാങ്ക് ഉറപ്പ് നൽകിയിട്ടുണ്ട്. |
| (ഡി) | സ്പോർട്സ് ഫണ്ട് ഇനത്തിൽ എത്ര തുകയാണ് 2019, 2020, 2021 വർഷങ്ങളിൽ ഈടാക്കിയിട്ടുള്ളത്; ആയതിന് ഓഡിറ്റിംഗ് ഉണ്ടോ; പ്രസ്തുത തുക ചെലവഴിക്കുന്നത് ഏതെങ്കിലും കമ്മിറ്റി മുഖേനയാണോ; ആയതിൽ പോലീസുകാരുടെയും ഓഫീസർമാരുടെയും പ്രതിനിധികളെ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടുണ്ടോ; നിലവിൽ എത്ര തുക ഈ ഇനത്തിൽ മിച്ചമുണ്ട്; തുക സൂക്ഷിക്കുന്നത് ട്രഷറി അക്കൗണ്ടിൽ ആണോ; വിശദമാക്കാമോ; | (ഡി) | സ്പോർട്സ് ഫണ്ട് ഇനത്തിൽ 2019 ൽ 39,18,447/- രൂപ, 2020 ൽ 80,22,113/- രൂപ, 2021 ൽ 1,46,81,831/- രൂപ ഈടാക്കിയിട്ടുണ്ട്. ഓഡിറ്റ് ചെയ്യുന്നതിന് വേണ്ടി 24-02-2022 തീയതിയിൽ Kerala State Audit Department-ന് കത്ത് നൽകിയിട്ടുണ്ട്. ഏതെങ്കിലും കമ്മിറ്റികൾ മുഖേനയല്ല പ്രസ്തുത തുക ചെലവഴിക്കുന്നത്. എന്നിരുന്നാലും, സെൻട്രൽ സ്പോർട്സ് ഫണ്ട് പ്രസിഡന്റ് (SPC), സെൻട്രൽ സ്പോർട്സ് ഓഫീസർ (ADGP-HQ), ട്രഷറർ (SP-HQ) എന്നിവരുടെ അറിവോടു കൂടിയാണ് സെൻട്രൽ |

| | | | |
|---|---|---|---|
| | | | സ്പോർട്സ് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നത്. നിലവിൽ 14-03-2022 വരെ 80,01,238/- രൂപ മിച്ചമുണ്ട്. ട്രഷറി അക്കൗണ്ടിലാണ് ഈ തുക സൂക്ഷിക്കുന്നത്. |
| (ഇ) | കേരള പോലീസ് വെൽഫെയർ ബ്യൂറോയ്ക്ക് വേണ്ടി ഒരു മാസം ഒരു ഉദ്യോഗസ്ഥനിൽ നിന്നും എത്ര തുക വീതം ആണ് റിക്കവറി നടത്തുന്നത്; 2019, 2020, 2021 വർഷങ്ങളിൽ എത്ര തുക ലഭിച്ചിട്ടുണ്ട്; നിലവിൽ എത്ര തുക ഈ ഇനത്തിൽ മിച്ചമുണ്ട്; ഈ തുക സൂക്ഷിക്കുന്നത് ട്രഷറി അക്കൗണ്ടിൽ ആണോ; വിശദമാക്കാമോ; | (ഇ) | കേരളാ പോലീസ് വെൽഫയർ ബ്യൂറോയ്ക്ക് വേണ്ടി മാസവരി ഇനത്തിൽ പോലീസ് ഉദ്യോഗസ്ഥരിൽ നിന്നും 100/- രൂപ വീതം റിക്കവറി നടത്തുന്നുണ്ട്. കൂടാതെ പോലീസ് വെൽഫയർ ബ്യൂറോയിൽ നിന്നും പലിശ രഹിത വായ്പ അനുവദിച്ച നൽകിയിട്ടുള്ള സേനാംഗങ്ങളിൽ നിന്നും തുകയ്ക്ക് അനുസൃതമായി നിശ്ചയിച്ചിരിക്കുന്ന വായ്പ തിരിച്ചടവ് തുകയും റിക്കവറി നടത്താറുണ്ട്. 2019, 2020, 2021 വർഷങ്ങളിൽ ലഭിച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 2019 - Rs. 8,11,05,453/- , 2020 - Rs. 7,96,68,624/- , 2021 - Rs. 8,53,45,301/- , മിച്ചമുള്ള തുക - Rs. 1,02,59,407/- , ഫിക്സഡ് ഡെപ്പോസിറ്റ് - Rs. 5,30,45,658/- . ടി തുക സൂക്ഷിക്കുന്നത് ട്രഷറി അക്കൗണ്ടിൽ അല്ല. ദേശസാൽകൃത ബാങ്കിൽ അനുവദിച്ചിട്ടുള്ള സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിൽ ആണ് ടി തുക സൂക്ഷിക്കുന്നത്. |
| (എഫ്) | കോബ്ര ഫണ്ട് ഇനത്തിൽ എത്ര തുകയാണ് കഴിഞ്ഞ 5 വർഷങ്ങളിൽ കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുള്ളത്; കോബ്ര ഫണ്ട് ചെലവഴിക്കുന്നതിന് കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ ഉണ്ടോ; ആയതിന് ഓഡിറ്റിംഗ് ഉണ്ടോ; നിലവിൽ എത്ര തുക ഈ ഇനത്തിൽ മിച്ചമുണ്ട്; തുക സൂക്ഷിക്കുന്നത് ട്രഷറി അക്കൗണ്ടിൽ ആണോ; വിശദമാക്കാമോ? | (എഫ്) | ഇത്തരം ഒരു ഫണ്ട് പോലീസ് വകുപ്പിൽ നിലവിലില്ല. |

സെക്ഷൻ ഓഫീസർ

37

തിരുവനന്തപുരം

POLICE **KERALA** DEPARTMENT

**No. F2-137169/2020/PHQ**
Police Headquarters,
Thiruvananthapuram
phq.pol@kerala.gov.in
04712721547
Dated. 02-11-2021

From

**State Police Chief**
Kerala,Thiruvananthapuram.

To

**The Branch Manager,State Bank of India Local Head Office,Main Road,Kesari NagarRotary Junction,Poojappura.Kerala.695 012.**
The Branch Manager,Axis Bank,Killi Towers,Near PRS Hospital,Killippalam,Karamana,Tvpm ,Kerala 695002
The Branch Manger,Federal Bank,Federal Towers,Regional Office,PB No 303,Mahatma Gandhi Road ,Tvm,Kerala,695001

Sir,

Sub : Non Recovery of Private Funds recovery like Police Welfare Bureau & Sports Funds from the Salary - Reg

Ref : Govt Circular No 51/2021/Fin Dated 07/07/2021.

Please refer to the above,

Vide circular cited, the Govt have issued directions to be followed while making deductions from the salary bills of the employees. As per the circular, DDOs are directed to not to make any deductions from the salary bills of the employees other than statutory items that are envisaged in KFC Provisions (Art 89,KFC Vol 1). Govt have suggested to find out an alternate way to continue the recoveries of welfare fund in Police Department. Hence you are requested to submitt a detailed proposal for effecting recoveries towards funds of this department now being accounted with banks,within 2 days positively.

Yours faithfully

Krishnafumari

**Krishna Kumari A V**
**Senior Finance Officer**
For State Police Chief

സെക്ഷൻ ഓഫീസർ